# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം
## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 573
## 02.12.2014-ലെ മറുപടിക്ക്
## ട്രഷറി നവീകരണം

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. എം. ചന്ദ്രൻ | ബഹു: ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി<br>ശ്രീ. കെ.എം. മാണി |
| (എ) | സംസ്ഥാനത്തെ ട്രഷറി നവീകരണത്തിന്റെ ഭാഗമായി എല്ലാ ട്രഷറികളിലും എ.ടി.എം. സ്ഥാപിക്കുന്ന നടപടി ഏതു ഘട്ടത്തിലാണ്; | ട്രഷറികളിൽ എ.റ്റി.എം. സ്ഥാപിക്കുന്ന വിഷയത്തിൽ `കോസ്റ്റ് ബെനിഫിറ്റ് അനാലിസിസ്' നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് IT മിഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ റിപ്പോർട്ട് ലഭിക്കുന്നമുറക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. പുതുതായി നിർമ്മിക്കുന്ന ട്രഷറികളിലും നവീകരിക്കുന്ന ട്രഷറികളിലും ATM സ്ഥാപിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ട്രഷറി നെറ്റ്വർക്കിംഗ് പൂർത്തിയാക്കുകയും ട്രഷറി സേവിംഗ്സ്ബാങ്ക് അക്കൗണ്ടുകളെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ മാത്രമേ ട്രഷറികളിൽ ATM സംവിധാനം നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | ഈ സാമ്പത്തിക വർഷം നടപടി പൂർത്തീകരിക്കുവാൻ സാധിക്കുമോ; | |
| (സി) | സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും ഓൺലൈൻ വഴി ബന്ധിപ്പിക്കുന്ന നടപടി പൂർത്തിയായിട്ടുണ്ടോ; ഇതുമൂലം ഒരു ട്രഷറിയിൽ ഇരുന്നുകൊണ്ട് മറ്റു ട്രഷറികളുമായി ഇടപാടുകൾ നടത്തുന്നതിന് ഗുണഭോക്താക്കൾക്ക് സാധിക്കുമോ; വ്യക്തമാക്കുമോ; | സംസ്ഥാനത്തെ എല്ലാ ട്രഷറികളെയും തമ്മിൽ ബന്ധിപ്പിച്ചുള്ള ഒരു താൽക്കാലിക നെറ്റ്വർക്ക് സംവിധാനം (Virtual Private Network-VPN) ഇപ്പോൾ നിലവിലുണ്ട്. പൂർണ്ണമായ തലത്തിൽ ട്രഷറികളെ |

| | | |
|---|---|---|
| | | 'ഓൺലൈൻ' ആയി ബന്ധിപ്പിക്കുന്നതിനായി കെൽട്രോണിനെ ചുമതലപ്പെടുത്തി 20.9.2014 ലെ സ.ഉ (സാധാ) നം.7186/2014/ധന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ